# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 നവംബർ 14**

---

## വൈജ്ഞാനിക സമ്പദ് വ്യവസ്ഥ, നൈപുണ്യ വികസനം; ചർച്ച നടത്തി

വൈജ്ഞാനിക സമ്പദ് വ്യവസ്ഥ, നൈപുണ്യ വികസനം വ്യവസായ സംരംഭകത്വം എന്നീ മേഖലകളിലെ പുതു സാധ്യതകളെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച ചർച്ചാ പരിപാടി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.

സർവകലാശാലയിലെ കോളജ് ഡവലപ്മെൻറ് കൗൺസിലും ബിസിനസ് ഇന്നേവഷൻ ആൻറ് ഇൻകുബേഷൻ സെൻററും സംസ്ഥാന നോളജ് ഇക്കണോമി മിഷന്റെ സഹകരണത്തോടെ നടത്തിയ പരിപാടിയിൽ പങ്കെടുത്തവർ ഈ മേഖലകളിൽ കാലോചിതമായ സമീപനം  അനിവാര്യമാണെന്ന് ചൂണ്ടിക്കാട്ടി.

കേരള നോളജ് ഇക്കോണമി മിഷൻ ജനറൽ മാനേജർ പി.എം. റിയാസ്, സർവകലാശാലാ സിൻഡിക്കേറ്റ് അംഗം പി ഹരികൃഷ്ണൻ, നോളജ് ഇക്കോണമി മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ സി. മധുസൂദനൻ, ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെൻറർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, ഐ.ക്യു.എ.സി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, നോളജ് ഇക്കോണമി മിഷൻ പ്രോഗ്രാം മാനേജർമാരായ ജെ. പാർവതി, സുമാദേവി, എൽ. ലക്ഷ്മിപ്രിയ എന്നിവരും സർവകലാശാലയിലെയും അഫിലിയേറ്റഡ് കോളജുകളിലെയും അധ്യാപകരും പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**

വൈജ്ഞാനിക സമ്പദ് വ്യവസ്ഥ, നൈപുണ്യ വികസനം വ്യവസായ സംരംഭകത്വം എന്നിവയെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച ചർച്ചാ പരിപാടി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/1353/2023)

## ക്ലിനിക്കൽ സൈക്കോളജിസ്റ്റ്; നവംബർ 30 വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികയിൽ താൽക്കാലിക നിയമനത്തിന് നവംബർ 30 വരെ അപേക്ഷ നൽകാം.

ക്ലിനിക്കൽ സൈക്കോളജിയിൽ എം.ഫിൽ ബിരുദവും ക്ലിനിക്കൽ സൈക്കോളജിസ്റ്റായി കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തിപരിചയവുമാണ് അടിസ്ഥാന യോഗ്യത.

അപേക്ഷാഫോറം പൂരിപ്പിച്ച് യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നവംബർ 30ന് വൈകിട്ട് അഞ്ചിന് മുൻപ് ada5@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686 560 എന്ന വിലാസത്തിൽ തപാൽ മുഖേനയോ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1354/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളജുകളിലെ ഏഴാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.എ എൽ.എൽ.ബി, ബി.ബി.എ എൽ.എൽ.ബി, ബി.കോം എൽ.എൽ.ബി പരീക്ഷകൾക്ക് ഫീസ് അടച്ച് നവംബർ 18 വരെ അപേക്ഷ നൽകാം.

നവംബർ 20ന് പിഴയോടു കൂടിയും 21ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

...............

ഡിസംബർ നാലിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് ഫീസ് അടച്ച് നവംബർ എട്ടു വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി നവംബർ 20നും സൂപ്പർ ഫൈനോടു കൂടി നവംബർ 21നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1355/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.വോക് റിന്യുവബിൾ എനർജി മാനേജ്മെൻറ്, റിന്യുവബിൾ എനർജി ടെക്നോളജി ആൻറ് മാനേജ്മെൻറ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 30 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

....................

അഞ്ചാം സെമസ്റ്റർ ബി.വോക് അഗ്രോ ഫുഡ് പ്രോസസ്സിംഗ്(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 28ന് കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1356/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 29 വരെ ഓൺലൈനിൽ സമർപ്പിക്കാം.

............................

ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ അറബിക്(2021 അഡ്മിഷൻ റഗുലർ - ഓഗസ്റ്റ് 2022), (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 29 വരെ ഓൺലൈനിൽ സമർപ്പിക്കാം.

...........................

ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ മലയാളം(2021 അഡ്മിഷൻ റഗുലർ - ഓഗസ്റ്റ് 2022), (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 29 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1357/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**